[Mr. Speaker]

time after considering all the points raised here, I shall make a statement to the House regarding the position which arose owing to the resignation of the Ministry.

Sri. C. V. Iyyu: Sir, on another point of order. Suppose in answer to one question the Chief Minister says that "the matter will be considered", can that promise take effect when he goes away and another Ministry comes in? Now, in giving that answer, which Government they would be representing? That is doubtful. So, I am of the opinion that this Assembly should be prorogued.

Mr. Speaker: In regard to that question, a point of order has already been raised and a ruling given. A continuation of discussion on that matter will not be allowed.

QUESTIONS AND ANSWERS

Oral Answers

(The numbers within brackets indicates the number in the list of admitted questions for the day)

പുരാതനവസ്തു സംരക്ഷണം

* ൭ ൦. (൧) ശ്രീ. ടി. ടി. കേൻവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംയോജനത്തിനു ശേഷം പുരാതനവസ്തുസംരക്ഷണം സംബന്ധിച്ചു എതെങ്കിലും പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാം;

(സി) ഇതിൽ പ്രയോഗത്തിൽ വരുത്തിയ പദ്ധതികൾ ഏതെല്ലാം?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) സംയോജനത്തിനുശേഷം പഴയ പദ്ധതികൾതന്നെ തുടർന്നു വരുന്നു.

(ബി) പുരാതന ശേഖരങ്ങൾ പുരാതന സ്ഥാപനങ്ങൾ സംരക്ഷിക്കുക.

(സി) ഈ പദ്ധതികളെല്ലാം പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുന്നതാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ പദ്ധതികളുടെ സമ്പൂർണ്ണ ചുമതലകൾ കേന്ദ്രഗവണ്മെണ്ടു് ഏറ്റെടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. സംസ്ഥാനങ്ങളിലുള്ള ചില ancient monuments ഇൻഡ്യാഗവണ്മെണ്ടു് ഏറ്റെടുക്കണമെന്നാണു് തീരുമാനിച്ചിട്ടുള്ളതു്. അങ്ങനെ ഈ രാജ്യത്തു് ഏതെല്ലാമാണു് ഏറ്റെടുക്കേണ്ടതെന്നു തീരുമാനിച്ചിട്ടില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സംയോജനത്തിനു ശേഷം കൊച്ചി–തിരുവിതാംകൂർ പുരാതന വസ്തു സംരക്ഷിക്കുന്ന കാര്യങ്ങൾ ഏകീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. അവയെ എല്ലാം സംരക്ഷിച്ചുപോരുന്നുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ ഡിപ്പാർട്ടുമെണ്ടിന്റെ അദ്ധ്യക്ഷൻ ആരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. അനിയൻ അച്ചൻ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അദ്ദേഹത്തിന്റെ അപ്പീസ് എവിടെയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൃശ്ശൂരാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അദ്ദേഹത്തിനു് അതിനാവശ്യമുള്ള യോഗ്യതകളില്ലെന്നു് പരാതി വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരഭിപ്രായം മാത്രമാണു്. യോഗ്യതകളെപ്പറ്റി ഓരോരുത്തക്കും ഓരോ അഭിപ്രായമായിരിക്കും.

മരാമത്തു ജോലികൾ

*൭ ൧. (൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റ് വർഷത്തിൽ പുതിയ മരാമത്തു ജോലികൾ ഏറ്റെടുത്തുപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജോലികൾ ഏതെല്ലാമായിരുന്നു;

(സി) അതിൽ ഏതെല്ലാം ജോലികൾ നിർവ്വിഘ്നം നിർവ്വഹിക്കാൻ സാധിച്ചു?

പൊതുമരാമത്തും, ഗതാഗതവും, വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ടു്.

(ബി) പ്രസ്തുത ജോലികൾ അടങ്ങിയ ലിസ്റ്റ് ഫൈനാൻഷ്യൽ ബഡ്ജറിൽ Appendix (A) ആയി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

(സി) പൂർണ്ണവിവരങ്ങൾ ആണ്ടു അവസാനിക്കുമ്പോൾ മാത്രമേ പറയുവാൻ നിവൃത്തിയുള്ളൂ. മിക്കവാറും ലാപ്സാകാതെ ചിലവാക്കിയിട്ടുണ്ടെന്നാണു് ഗവർമ്മെണ്ടു് വിചാരിക്കുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: എത്ര രൂപ ഇതുവരെ ചിലവായിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനെപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇക്കൊല്ലത്തേക്കു് നിശ്ചയിച്ചിട്ടുള്ള ജോലികളിൽ ഭൂരിഭാഗവും തീർത്തുകഴിഞ്ഞോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: പണി തീർക്കാനുള്ള തുക മുഴുവനും ബഡ്ജറിൽ കൊള്ളിച്ചിട്ടില്ല. പക്ഷെ കൊള്ളിച്ചിട്ടുള്ള തുക മുഴുവനും ചിലവാക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കഴിഞ്ഞവർഷത്തിൽ അതിനു മുമ്പിലത്തെ വർഷത്തിൽ ചെയ്തുകൊണ്ടിരുന്ന പണി വല്ലതും നിറുത്തിവെച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു് ബഡ്ജറിനെ ആസ്പദമാക്കിയിരിക്കും.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ആറൻമുളയിൽ ഒരു റോഡ് പകുതി ആക്കിയിരുന്നതു് മുഴുവനായില്ലെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനെക്കുറിച്ചു് പ്രത്യേകം ചോദ്യം അയച്ചാൽ അന്വേഷിച്ചു പറയാം.

LIBRARY ARCHIVES Kerala Legislative Assembly